സുനാമി ദുരന്ത നഷ്ടപരിഹാരങ്ങൾ

99 (290) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ സുനാമി ദുരന്ത ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ട വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വില്ലേജിലും സുനാമി ദുരന്തത്തെ തുടർന്നുണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഓരോ വില്ലേജിലും സുനാമി ദുരന്തത്തെ തുടർന്നുണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ജില്ലയിലെ വിവിധ ദുരന്തബാധിത വില്ലേജുകൾക്കായി നല്കിയിട്ടുള്ള തുകയുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) ഈയിനത്തിൽ ഇനിയും എത്ര തുക കണ്ണൂർ ജില്ലയിൽ ചെലവഴിക്കപ്പെടാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോടിയേരി, തിരുവങ്ങാട്, തലശ്ശേരി, പിണറായി, ധർമ്മടം, ന്യൂമാഹി, മുഴപ്പിലങ്ങാട്, എടക്കാട്, കണ്ണൂർ I, കണ്ണൂർ II, അഴീക്കോട് നോർത്ത്, പാപ്പിനിശ്ശേരി, കണ്ണാസുരമ, ചെമ്മങ്കുന്ന്, വളപട്ടണം, മാടായി, മാട്ടൂൽ, നാറാത്ത്, ചിറയ്ക്കൽ, എളയാവൂർ, രാമന്തളി, പയ്യന്നൂർ, ഏഴോം, കുഞ്ഞിമംഗലം, അന്തൂർ എന്നീ വില്ലേജുകളാണ് സുനാമി ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) ഓരോ വില്ലേജിലും ഉണ്ടായ നഷ്ടത്തിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു:

1.	കോടിയേരി	–	2,000 രൂപ
2.	തിരുവങ്ങാട്	–	1.50 ലക്ഷം രൂപ
3.	തലശ്ശേരി	–	...
4.	പിണറായി	–	...
5.	ധർമ്മടം	–	4000 രൂപ
6.	ന്യൂമാഹി	–	6 ലക്ഷം രൂപ
7.	മുഴപ്പിലങ്ങാട്	–	15 ലക്ഷം രൂപ
8.	എടക്കാട്	–	8 ലക്ഷം രൂപ
9.	കണ്ണൂർ I	–	88 ലക്ഷം രൂപ
10.	കണ്ണൂർ II	–	55 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

11. അഴീക്കോട് സൗത്ത് – ...
12. അഴീക്കോട് നോർത്ത് – ...
13. വളപട്ടണം – ...
14. മാടായി – 1.50 കോടി രൂപ
15. മാട്ടൂൽ – 15 ലക്ഷം രൂപ
16. രാമന്തളി – 6 ലക്ഷം രൂപ
17. പയ്യന്നൂർ – 1 ലക്ഷം രൂപ
18. ഏഴോം – ...
19. കുഞ്ഞിമംഗലം – ...
20. ആന്തൂർ – ...

(സി) സൗജന്യ റേഷൻ – 2905845 രൂപ
വീട് റിപ്പയർ – 1,83,600 രൂപ
മത്സ്യബന്ധന ഉപകരണങ്ങൾ – 10,47,173 രൂപ
മരിച്ചവരുടെ ആശ്രിതർക്കുള്ള സഹായം – 2,00,000 രൂപ
പരിക്കുപറ്റിയവർക്ക് ചികിത്സാ സഹായം – 15,000 രൂപ
മരുന്ന് വിതരണം – 5 ലക്ഷം രൂപ
സുനാമിക്കിരയായവരെ ഒഴിപ്പിക്കൽ – 1 ലക്ഷം രൂപ
കുടിവെള്ള വിതരണം – 4,75,800 രൂപ

(ഡി) മാടായി – 8,92,874 രൂപ
കണ്ണൂർ – 1,11,687 രൂപ
മുഴപ്പിലങ്ങാട് – 1 ലക്ഷം രൂപ
തിരുവങ്ങാട് – 1,09,440 രൂപ
ധർമ്മടം – 1,500 രൂപ
രാമന്തളി – 4,27,356 രൂപ

(മേൽ ചെലവുകൾ സൗജന്യറേഷൻ, മത്സ്യബന്ധന ഉപകരണങ്ങൾ, മരുന്ന് വിതരണം ഒഴികെ)

(ഇ) ബാക്കിയില്ല.

LIBRARY ARCHIVES Kerala Legislative Assembly